(ബി) സംസ്ഥാന വിഹിതമായി 800 ലക്ഷം രൂപയും കേന്ദ്ര വിഹിതം ഒരു ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായും അനുവദിച്ചു

(സി) എം.ഡി.എ. മാർഗ്ഗനിർദ്ദേശപ്രകാരം താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ടി പദ്ധതി പ്രകാരം അനുവദിക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്.

a. Publicity

b. Opening new show rooms/sale outlets.

c. Market study.

d. Renovation of existing sales outlets.

e. Setting up of Marketing intelligence network/upgradation of design facilities like installation of computer aided design centre, engagement of qualified designers etc.

f. Construction of godown.

g. Innovative Marketing Strategies including payment of discounts.

അപ്രകാരം നടപ്പുവർഷം 7,66,06,030 രൂപ 24 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും, കയർഫെഡ്, ഫോമിൽ എന്നീ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതവും കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് 2014-15 വർഷത്തെ എം.ഡി.എ. കുടിശ്ശികയുടെ 50 ശതമാനവും അനുവദിച്ചു.

ബി.പി.എൽ.-എ.പി.എൽ. വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

109(2733) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻകടകളിൽനിന്നും എ.പി.എൽ.-ബി.പി.എൽ. വിഭാഗങ്ങൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

വിശദമാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ബി.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കടകളിൽ നിന്ന് ലഭ്യമാകുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും താഴെ ചേർക്കുന്നു:

ഇനം	അളവ്	വില
അരി	25 കി.ഗ്രാം	1 രൂപ/കി.ഗ്രാം
ഗോതമ്പ്	8 കി. ഗ്രാം	2 രൂപ/കി.ഗ്രാം
പഞ്ചസാര	കാർഡിലെ ഒരംഗത്തിന് 400 ഗ്രാം വീതം	13.50 രൂപ/കി.ഗ്രാം
മണ്ണെണ്ണ	(1) ½ ലിറ്റർ മുതൽ 1 ലിറ്റർ വരെ (വൈദ്യുതീകരിച്ച വീടുള്ളവർക്ക്)	17/18 രൂപ/ലിറ്റർ
	(2) 4 ലിറ്റർ (വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക്)	17/18 രൂപ/ലിറ്റർ

എ.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കടകളിൽ നിന്ന് ലഭ്യമാകുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും താഴെ ചേർക്കുന്നു:

ഇനം	അളവ്	വില
അരി	9 കി.ഗ്രാം	(1) 8.90 രൂപ/കി.ഗ്രാം. (സബ്സിഡി സ്കീമിൽ ഇല്ലാത്തവർക്ക്) (2) 2 രൂപ/കി.ഗ്രാം (സബ്സിഡി സ്കീമിൽ ഉള്ളവർക്ക്)
ഗോതമ്പ്	3 കി. ഗ്രാം	6.70 രൂപ/ കി.ഗ്രാം
സപ്ലൈകോ ആട്ട	2 കി.ഗ്രാം.	15 രൂപ
മണ്ണെണ്ണ	(1) ½ ലിറ്റർ മുതൽ 1 ലിറ്റർ വരെ (വൈദ്യുതീകരിച്ച വീടുള്ളവർക്ക്)	17/18 രൂപ/ലിറ്റർ
	(2) 4 ലിറ്റർ- (വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക്)	17/18 രൂപ/ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly